# ശാഹിന സാക്ഷികളെ 'ഭീഷണി'പ്പെടുത്തുമ്പോള്‍

ജെന്നി റോവിന, കെ. അശ്‌റഫ്

**പ്രവീണ്‍ സ്വാമിയും ബര്‍ക്കദത്തും അരങ്ങ് വാഴുന്ന ഇക്കാലത്ത് ഒരു പോലീസ് കഥയെ നിരൂപണാത്മകമായി പരിശോധിക്കുന്ന ഈ റിപ്പോര്‍ട്ട് ലേബലല്‍ ചെയ്യപ്പെടുന്നതും പത്രപ്രവര്‍ത്തക ടാര്‍ഗറ്റ് ചെയ്യപ്പെടുന്നതും സ്വാഭാവികം. ശാഹിനക്കെതിരെയുള്ള കേസ് അബ്ദുന്നാസര്‍ മഅ്ദനിയുടെ രാഷ്ട്രീയ ജീവിതം, ഈ പത്രപ്രവര്‍ത്തകയുടെ മുസ്‌ലിം സ്വത്വം (identity) തുടങ്ങിയ നിരവധി മുഖ്യ പ്രശ്നങ്ങളെ സ്പര്‍ശിക്കുന്നുണ്ടെന്നതും കാണാതിരുന്നു കൂടാ.**




**പി.ഡി.പി** ചെയര്‍മാന്‍ അബ്ദുന്നാസിര്‍ മഅ്ദനിയെക്കുറിച്ച് ഒരു അന്വേഷണ റിപ്പോര്‍ട്ട് തയാറാക്കാന്‍ *തെഹല്‍ക*യിലെ കെ.കെ ശാഹിന കര്‍ണാടകയിലെത്തുന്നു. 1998-ലെ കോയമ്പത്തൂര്‍ സ്ഫോടന ക്കേസില്‍ പത്തു വര്‍ഷത്തോളം വിചാരണത്തടവുകാരനായി ജയിലില്‍ കഴിഞ്ഞിട്ടുണ്ട് മഅ്ദനി. 2007 ആഗസ്റ്റ് ഒന്നിന് കുറ്റങ്ങളൊന്നും ചുമത്താതെ അദ്ദേഹത്തെ വിട്ടയക്കുകയായിരുന്നു. 'എന്തുകൊണ്ട് ഈ മനുഷ്യന്‍ ഇപ്പോഴും ജയിലില്‍?' (*തെഹല്‍ക* 2010 ഡിസംബര്‍ 4) എന്ന റിപ്പോര്‍ട്ടില്‍, ബംഗ്ലൂരു സ്ഫോടനങ്ങള്‍ക്ക് പിന്നില്‍ മഅ്ദനിയുടെ ഗൂഢാലോചനയുണ്ട് എന്ന പോലീസ് ഭാഷ്യത്തെ വിശകലനം ചെയ്യുകയാണ് ശാഹിന. രണ്ടു വര്‍ഷം മുമ്പ്, കൊച്ചിയിലെ ഒരു വാടക വീട്ടില്‍ വെച്ചും കര്‍ണാടകയിലെ കൊടഗില്‍ ലക്കേരി എസ്റ്റേറ്റില്‍ വെച്ചും നടന്ന രണ്ട് വ്യത്യസ്ത യോഗങ്ങളിലായിരുന്നു ഗൂഢാലോചന എന്നാണ് പോലീസ് പറഞ്ഞത്.

ഈ പോലീസ് കഥയെ കൊച്ചിയിലെ വാടകവീടിന്റെ ഉടമസ്ഥന്‍ ജയിംസ് വര്‍ഗീസും മഅ്ദനിയുടെ സഹോദരന്‍ ജമാല്‍ മുഹമ്മദും ചോദ്യം ചെയ്തിരുന്നു എന്ന കാര്യം മാത്രമല്ല ശാഹിനയുടെ റിപ്പോര്‍ട്ടിലുള്ളത്. മഅ്ദനിക്ക് കോടതി ജാമ്യം നിഷേധിക്കാന്‍ കാരണമായ സാക്ഷികളുടെ വിവരണങ്ങളെയും റിപ്പോര്‍ട്ട് പരിശോധനാ വിധേയമാക്കുന്നു. പോലീസ് കഥക്കെതിരെ ഈ സാക്ഷികള്‍ക്ക് ചിലത് പറയാനുണ്ടെന്നാണ് ശാഹിനയുടെ അന്വേഷണം വെളിപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണത്തിന്, പോലീസ് ചാര്‍ജ് ഷീറ്റില്‍ യോഗാന്ദ് എന്നൊരു ബി.ജെ.പി അനുഭാവി സാക്ഷിയായിട്ടുണ്ട്. മഅ്ദനി കേസില്‍ താന്‍ സാക്ഷിയാണെന്ന കാര്യം ഇദ്ദേഹം അറിയുക പോലുമില്ലെന്നാണ് ശാഹിന തന്റെ റിപ്പോര്‍ട്ടില്‍ പറയുന്നത്!

അന്വേഷണാത്മക പത്രപ്രവര്‍ത്തനത്തിന്റെ മികച്ച മാതൃകയാണിത്. മീഡിയക്ക് വേണ്ടി പോലീസ് നിരന്തരം ചമക്കുന്ന കഥകളുടെ അടിവേരറുക്കാനുള്ള ശക്തിയുണ്ട് ഈ റിപ്പോര്‍ട്ടിന്. പക്ഷേ റിപ്പോര്‍ട്ട് പുറത്ത് വന്ന് ദിവസങ്ങള്‍ക്കകം ഐ.പി.സി 506 പ്രകാരം ശാഹിനക്കെതിരെ കര്‍ണാടക പോലീസ് കേസ് ഫയല്‍ ചെയ്തു- 'സാക്ഷികളെ ഭീഷണിപ്പെടുത്തി'യതിന്. ഒരു പത്രപ്രവര്‍ത്തക ഒരു പ്രത്യേക കേസിലെ സാക്ഷികളോട് സംസാരിക്കുന്നത് എങ്ങനെയാണ് ഭീഷണിപ്പെടുത്തലാവുക? ഭാവനയെ

വലിച്ച് നീട്ടുന്നതിനും വേണ്ടേ ഒരതിര്. അധിനിവേശ സൈന്യത്തിന്റെ ഭാഷ്യങ്ങൾ പത്രറിപ്പോർട്ടുകളാവുന്ന, കാശ് കൊടുത്ത് വാർത്തകൾ കെട്ടിയുണ്ടാക്കുന്ന, പ്രവീൺ സ്വാമിയും ബർക്കദത്തും അരങ്ങ് വാഴുന്ന ഇക്കാലത്ത് ഒരു പോലീസ് കഥയെ നിരൂപണാത്മകമായി പരിശോധിക്കുന്ന ഈ റിപ്പോർട്ട് ലേബലൽ ചെയ്യപ്പെടുന്നതും പത്രപ്രവർത്തക ടാർഗറ്റ് ചെയ്യപ്പെടുന്നതും സ്വാഭാവികം. ശാഹിനക്കെതിരെയുള്ള കേസ് അബ്ദുന്നാസർ മഅ്ദനിയുടെ രാഷ്ട്രീയ ജീവിതം, ഈ പത്രപ്രവർത്തകയുടെ മുസ്‌ലിം സ്വത്വം (identity) തുടങ്ങിയ നിരവധി മുഖ്യ പ്രശ്നങ്ങളെ സ്പർശിക്കുന്നുണ്ടെന്നതും കാണാതിരുന്നുകൂടാ.

കേരള രാഷ്ട്രീയത്തിൽ നിർണായക സ്ഥാനത്ത് നിൽക്കുന്ന അബ്ദുന്നാസർ മഅ്ദനി വർഷങ്ങളോളം വിചാരണ കൂടാതെ ജയിലിൽ പീഡിപ്പിക്കപ്പെട്ടതും പിന്നീട് കേസ് തെളിയിക്കാനാവാതെ വിട്ടയക്കപ്പെട്ടതുമായ ഒരു സുപ്രധാന കേസിന്റെ ആഴങ്ങളിലേക്കുള്ള ഒരന്വേഷണമാണ് ഈ റിപ്പോർട്ടെന്ന് പറയാം. ഈ അനീതിയുടെ തുടർച്ചയായിരുന്നു, 2008 ജൂലൈ 25-ന് നടന്ന ബംഗ്ലൂരു സ്ഫോടനത്തിൽ മഅ്ദനിയുടെ ഭാര്യ സൂഫിയയെ പ്രതിചേർക്കാനുള്ള പോലീസ് ശ്രമം. മൂന്ന് മാസം മുമ്പ്, കേരളത്തിൽ പല ഭാഗത്ത് നിന്നുമുയർന്ന പ്രതിഷേധം വകവെക്കാതെ മഅ്ദനി വീണ്ടും അറസ്റ്റ് ചെയ്യപ്പെട്ടു, ബംഗ്ലൂരു സ്ഫോടനങ്ങളിൽ ഗൂഢാലോചന നടത്തി എന്ന കുറ്റത്തിന്. 'കുറ്റത്തിന്റെ സ്വഭാവവും ഗൗരവവും കണക്കിലെടുത്ത്' അദ്ദേഹത്തിന് ജാമ്യം നിഷേധിക്കപ്പെടുകയും ചെയ്തു. ശാഹിനയുടെ റിപ്പോർട്ടിനെതിരെയുള്ള നീക്കങ്ങൾ വ്യക്തമായും മഅ്ദനി കേസുമായി ബന്ധപ്പെട്ടതാണെന്നർഥം.

യഥാർഥത്തിൽ മഅ്ദനി വിഷയം ഉയർത്തിക്കൊണ്ട് വരുന്നത് തന്നെ, ഇസ്‌ലാമിക മൗലികവാദത്തെക്കുറിച്ചും ഭീകരവാദത്തെക്കുറിച്ചുമുള്ള ഉത്കണ്ഠകൾ ഉണർത്തിവിടാനാണ്. ചാൾസ് ഹിർശ്കിൻസിന്റെയും സബാ മഹ്മൂദിന്റെയും വാക്കുകളിൽ: "ഇസ്‌ലാമിക മൗലികവാദം എന്ന പരികൽപനയിൽ സംശയാസ്പദമായ ഒരുപാട് ഊഹങ്ങൾ, ഉത്കണ്ഠകൾ, മുൻവിധികൾ എന്നിവയെല്ലാം ഉൾച്ചേർന്നിരിക്കുന്നു" (ഇവർ ചേർന്നെഴുതിയ Feminism, the Taliban, and Politics of Insurgency എന്ന പ്രബന്ധം). മുസ്‌ലിം സ്വത്വമുള്ള ഏത് മണ്ഡലത്തിൽ നിന്നും വരുന്ന ഏത് പ്രതികരണങ്ങളെയും രാഷ്ട്രീയ നീക്കങ്ങളെയും കൈകാര്യം ചെയ്യാൻ ഭാവനാസൃഷ്ടമായ ഈ തിന്മയുടെ പ്രതിരൂപത്തെ ഉപയോഗിക്കുകയും ചെയ്യുന്നു.

ഈ രാഷ്ട്രീയ നേതാവ് വിചാരണ കൂടാതെ പത്തു വർഷത്തോളം ജയിലിലായിരുന്നുവെന്നതും വീണ്ടും ജാമ്യമില്ലാതെ ജയിലിടക്കപ്പെട്ടുവെന്നതും ഒരാളെയും അലോസരപ്പെടുത്തുന്നില്ല. 'എന്തുകൊണ്ട് ഈ മനുഷ്യൻ ഇപ്പോഴും ജയിലിൽ?' എന്ന ശാഹിനയുടെ റിപ്പോർട്ടിന്റെ തലക്കെട്ട് തന്നെ ഈ പ്രശ്നത്തെയാണ് മുഖാമുഖം നിർത്തുന്നത്. സമത്വം, നീതി തുടങ്ങിയ എല്ലാ പ്രശ്നങ്ങളെയും പുകമറക്കുള്ളിലാക്കാൻ ഇന്ന് മുസ്‌ലിമും ഭീകരതയും തന്നെ വേണ്ടവോളമാണല്ലോ. ഏതൊരു മുസ്‌ലിമും അവൻ/ അവൾ ജനതികമായിത്തന്നെ ഇന്നാടിനെ ഭീകരതയിലേക്ക് വലിച്ചിഴക്കാൻ പ്രാപ്തനാ/യാണെന്നും അതിനാൽ താമസംവിനാ ശിക്ഷിക്കപ്പെടേണ്ടതാണെന്നുമുള്ള ഒരു നിർമിതിയാണ് മുസ്‌ലിമിന് ചുറ്റും നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയൊരുത്തനെ/ ഒരുത്തിയെ എപ്പോഴും എളുപ്പത്തിൽ മനുഷ്യാവകാശത്തിന്റെയും നീതിന്യായത്തിന്റെയും പരിധിക്ക് പുറത്ത് നിർത്താമെന്ന ധാരണയും ബലപ്പെട്ടുവരുന്നു.

തൊണ്ണൂറുകളിൽ മണ്ഡൽ -മസ്ജിദ് പ്രതിഭാസത്തിന് ശേഷം കേരളത്തിൽ ഉയർന്നുവന്ന ഒരു പ്രധാന രാഷ്ട്രീയ ശബ്ദമാണ് മഅ്ദനി. മുസ്‌ലിംകളുടെയും ദലിത് ബഹുജനങ്ങളുടെയും പ്രശ്നങ്ങളെയാണ് അദ്ദേഹം അഭിസംബോധന ചെയ്തത്. കേരളീയ സമൂഹത്തിലെ മതപരവും ജാതീയവുമായ അസമത്വങ്ങളിലേക്ക് അദ്ദേഹം വിരൽ ചൂണ്ടി. ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലമുള്ളതിനാലും മുസ്‌ലിം സ്വത്വമായതിനാലും അദ്ദേഹത്തിന്റെ പുതിയ രാഷ്ട്രീയ ഭാഷയെ അധീശത്വ വ്യവഹാരങ്ങൾ കടന്നാക്രമിച്ചു; വഴിതെറ്റിയതെന്ന് വിധിയെഴുതി, അല്ലെങ്കിൽ അവഗണിച്ചു. ചില അധഃസ്ഥിത വിഭാഗങ്ങളെ സംഘടിപ്പിക്കാൻ കഴിഞ്ഞിരുന്ന മഅ്ദനിയുടെ രാഷ്ട്രീയ വിശ്വാസ്യത അങ്ങനെ ചോർന്നുപോവുകയും സെക്യുലർ സ്റ്റേറ്റിന്റെ/ സംസ്കാരത്തിന്റെ മുസ്‌ലിം ഫണ്ടമെന്റലിസ്റ്റ് അപരനായി അദ്ദേഹം മാറ്റപ്പെടുകയും ചെയ്തു.

മഅ്ദനിയുടെ രാഷ്ട്രീയ ജീവിതത്തിലുടനീളം മീഡിയ ഈ അധീശത്വ പ്രതിരൂപനിർമിതിയെ ശക്തമായി പിന്തുണച്ചിട്ടുണ്ട്. കളമശ്ശേരി ബസ് കത്തിക്കൽ സംഭവത്തിൽ സൂഫിയ മഅ്ദനിക്ക് പങ്കുണ്ടെന്ന ആരോപണമുയർന്നപ്പോൾ, കോടതി നടപടികൾ തുടങ്ങുന്നതിന് മുമ്പെ മീഡിയ അവരെ കുറ്റക്കാരിയെന്ന് വിധിക്കുകയായിരുന്നു. കേരളത്തിലെ 'അപരന്മാരു'മായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും ഭരണകൂടവുമായുള്ള മീഡിയ ഒത്തുകളി നാം കാണുന്നുണ്ട്. ദലിത് ഹ്യൂമൻ റൈറ്റ്സ് ഗ്രൂപ്പിനെ ഭീകരവാദികൾ എന്ന് ആക്ഷേപിച്ചതും വ്യാജമായ ലൗ ജിഹാദ് ഉയർത്തിക്കൊണ്ടുവന്നതും ഉദാഹരണങ്ങൾ. 2009 മെയ് 17-ന് ബീമാപള്ളി കടപ്പുറത്ത് പോലീസ് വെടിവെപ്പിൽ ആറ് മുസ്‌ലിം പുരുഷന്മാർ കൊല്ലപ്പെടുകയും 47 പേർക്ക് പരിക്കേൽക്കുകയും ചെയ്തപ്പോൾ (ഇവരിൽ 27 പേർക്ക് വെടിയേറ്റ മുറിവുകളുണ്ടായിരുന്നു) മിക്ക മലയാള മീഡിയയും അതേപ്പറ്റി പൂർണ മൗനത്തിലായിരുന്നു; അത് കേരളം കണ്ടതിലേറ്റവും ഭീകരമായ പോലീസ് അതിക്രമങ്ങളിലൊന്നായിരുന്നിട്ടു കൂടി. 'അപരന്മാരു'മായി, പ്രത്യേകിച്ച് മുസ്‌ലിംകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ മലയാളം മീഡിയ കൈകാര്യം ചെയ്യുന്നത് ഇങ്ങനെയാണ്. മൂടുറച്ചുപോയ ഈ മീഡിയാ സമീപനവുമായി നേർക്കുനേർ ഏറ്റുമുട്ടുകയാണ് ശാഹിനയുടെ റിപ്പോർട്ട്. പിന്നെ ഇത് ചെയ്യുന്നത് ഒരു ശാഹിന ആണല്ലോ, മറ്റൊരു ജേർണലിസ്റ്റ് അല്ലല്ലോ. മഅ്ദനിയെ പോലെ മുസ്‌ലിം മണ്ഡലവും സ്വത്വവുമൊക്കെ ശാഹിനയെയും പിന്തുടരുന്നുണ്ട്.

അന്വേഷിക്കാനായി ഒരു ഗ്രാമത്തിലേക്ക് ചെന്നപ്പോൾ, തന്നെ തടഞ്ഞു നിർത്തി 'താനൊരു ഭീകരവാദിയാണോ' എന്ന് പോലീസ് ചോദിച്ചതായി ശാഹിന തന്നെ എഴുതിയിട്ടുണ്ട്. കർണാടകയിലെ *ശക്തി,പ്രജാവനി*, *കന്നഡ* തുടങ്ങിയ പത്രങ്ങൾ, 'ഒരു കൂട്ടം മുസ്‌ലിംകളുടെ സംശയാസ്പദമായ സന്ദർശനം' എന്നാണത്രെ ഈ അന്വേഷണ യാത്രയെ വിശേഷിപ്പിച്ചത്. മഅ്ദനിയെ പോലെ, ശാഹിനയുടെ മറ്റെല്ലാ ഐഡന്റിറ്റികളെയും 'മുസ്‌ലിം' എന്ന ഐഡന്റിറ്റി മുക്കിക്കളഞ്ഞിരിക്കുന്നു.

അതിനാൽ *മാതൃഭൂമി* ദിനപത്രം, ശാഹിനയും കൂടെയുള്ള മറ്റുള്ളവരും സാക്ഷികളെ 'ഭീഷണിപ്പെടുത്തി' എന്ന പോലീസ് ഭാഷ്യം വളരെ സത്യസന്ധമായി എടുത്തു ചേർത്തതിൽ അത്ഭുതപ്പെടാനില്ല. പ്രാഥമികാന്വേഷണം പോലും നടത്താതെ എടുത്ത് ചേർത്ത അത്തരമൊരു വാർത്ത പോലീസ് കഥയെ ബലപ്പെടുത്തുകയും കുറ്റമെല്ലാം ശാഹിനയുടെ ചുമലിൽ വെച്ച് കെട്ടുകയുമാണ് ചെയ്യുന്നത്. മഅ്ദനിയുടെ കാര്യത്തിലും മീഡിയ ഇതുതന്നെയാണ് ചെയ്തത്. കേരളത്തിൽ മഅ്ദനിക്കെതിരെ ആർത്തു വിളിച്ചത് മീഡിയയായിരുന്നു. അത് പോലീസിന്റെ പണി എളുപ്പമാക്കി, വീണ്ടും പിടികൂടുന്നതിനും ജയിലിലടക്കുന്നതിനും. ശാഹിന കേസുമായി ബന്ധപ്പെട്ട് ഇത്തരം കാര്യങ്ങളെല്ലാം ഗൗരവപൂർവം ആലോചിക്കേണ്ടതുണ്ട്.

"ഇത് ഒരു വ്യക്തിയെന്ന നിലക്ക് എനിക്കെതിരെയുള്ള കേസല്ല; പോലീസ് കെട്ടിച്ചമക്കുന്ന കഥകളെ ചോദ്യം ചെയ്യാൻ ശ്രമിക്കരുതെന്ന പത്രസമൂഹത്തോടുള്ള താക്കീതാണ്." ശാഹിന 'ഫെയ്സ് ബുക്കി'ൽ എഴുതി. ശരിയാണത്. അതോടൊപ്പം ഇന്ത്യൻ ഭരണകൂടവും മുസ്‌ലിം സമൂഹവും തമ്മിലുള്ള സങ്കീർണവും അസുഖകരവുമായ ബന്ധത്തെക്കൂടി അത് അനാവരണം ചെയ്യുന്നുണ്ട്. ഈ ബന്ധത്തെ നിർണയിക്കുന്നതിൽ മീഡിയ എപ്പോഴും വളരെ വലുതും എന്നാൽ സംശയാസ്പദവുമായ പങ്കാണ് നിർവഹിക്കുന്നതെന്നതും വ്യക്തം. നമ്മുടെ പൊതുസമ്മതിയിലുള്ള വിള്ളലുകളെ പുറത്തുകൊണ്ടുവരുന്നു എന്നതിനാൽ തന്നെ ശാഹിനയുടെ വേറിട്ട ഇടപെടൽ ഇതുപോലൊരു പ്രതികരണം ക്ഷണിച്ചുവരുത്തിയതിൽ അത്ഭുതപ്പെടാനൊന്നുമില്ല. ■

(countercurrents.org 2010 നവംബർ 30)